# എന്നെ അറിയുമോ?

കെ ആർ നാരായണൻ നമ്പൂതിരി

ആരു ഞാൻ,
എൻ ഹൃദയ വാദ്യലയം
ഉതിർത്തും ഊർജ്ജമേതു്,
എൻമനസ്സിന്റെ മതിൽക്കെട്ടിൽ
ഓർമ്മകൾതൻ പ്രദക്ഷിണ വഴികൾ തീർക്കും,
ദേവനാതു്?
എന്റെ ഉണ്മയിലൂറി വന്നോരറിവ്,
- എനിക്കെന്നെ അറിയില്ല!

കാലമെത്ര കഴിഞ്ഞു പൂരുഷ-
ജന്മമെത്ര കഴിഞ്ഞു ഭൂവിൽ
ഐതിഹാസിക വേദസംഹിത,
ഉപനിഷത്തുകൾ, ജനപഥങ്ങൾ,
അശ്വമേധം, ദിഗ്ജയങ്ങൾ,
ആറ്റംബോംബുകൾ, ചന്ദ്രയാത്രകൾ,
വിജയഭേരികൾ.........
"എവിടെ നിന്നു വരുന്നു നീ
എവിടേക്കു പോണു നീ "
എന്റെ ഉണ്മയിലൂറി വന്നോരറിവ്
- എനിക്കെന്നെ അറിയില്ല!

എന്റെയുള്ളിലെ എന്നെയറിയാതെന്തു നേടിലും,
ദിഗ്ജയങ്ങളിൽ, വിജയഭേരിയിൽ,
അന്തരംഗം ഉതിർത്തിടുന്നൊരു
നേർത്ത ചോദ്യം, – ആരു ഞാൻ?
എന്റെ ഉണ്മയിലൂറി വന്നോരറിവ്
- എനിക്കെന്നെ അറിയില്ല!

Website: HTTP://karanattu.wordpress.com
© K R Narayanan Namboothiri
Licensed under:
Creative Commons Attribution-Noncommercial-No Derivative Works 2.5 India License.